(ഡി) കൊണ്ടോട്ടി താലൂക്കിൽ നിലവിൽ സർവ്വേ സ്റ്റാഫിലെ ഒരു സർവെയർ ജോലി ചെയ്യുവരുന്നുണ്ട്. പ്രവർത്തനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

മാലോം കണ്ടുപ്പള്ളി-പടയംകല്ലിലെ അനധികൃത ക്വാറിയും ക്രഷറും

114(2993) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബളാൽ പഞ്ചായത്തിൽ ഇ.എഫ്.എൽ. നോട്ടിഫൈഡ് മേഖലയുടെയും റിസർവ്ഡ് വനമേഖലയുടെയും സമീപ പ്രദേശമായ മാലോം കണ്ടുപ്പള്ളി-പടയംകല്ലിൽ അനധികൃത ക്വാറിയും ക്രഷറും പ്രവർത്തന സജ്ജമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചൈത്രവാഹിനി പുഴയുടെ കൈവഴി പ്രദേശവും ആനത്താരയുള്ള പ്രദേശവുമായ ഇവിടെ ക്വാറിയും ക്രഷറും യാഥാർത്ഥ്യമായാൽ ഗൗരവമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശം ജില്ലാ കളക്ടർ തുടങ്ങിയ അധികാരികൾ സന്ദർശിച്ച് പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാലോം കണ്ടുപ്പള്ളി-പടയംകല്ലിലെ ക്വാറിക്ക് നിലവിൽ ബളാൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ക്രഷർ യൂണിറ്റിന് പ്രവർത്തനാനുമതിയും നല്കിയിട്ടില്ല. എന്നാൽ ക്രഷർ ബിൽഡിംഗ് നിർമ്മിക്കുന്നതിന് വേണ്ടി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ അനുശാസിക്കുന്ന പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ക്രഷർ യൂണിറ്റിൽ ആകെ 392.5 കുതിര ശക്തിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കാൻ അനുവാദവും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ക്വാറി നടത്തുന്നതിനുള്ള അനുമതിയും ക്രഷറിന് രജിസ്ട്രേഷനും ഡീലേഴ്സ് ലൈസൻസും ജിയോളജി വകുപ്പിൽനിന്നും നല്കിയിട്ടില്ല.

(ബി) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സ്ഥലം പഞ്ചായത്ത് സെക്രട്ടറി സന്ദർശിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ ജിയോളജിസ്റ്റും പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly